## പതിനാലാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **29.05.2019 ൽ മറുപടിക്ക്**

**ചോദ്യം നമ്പർ : 593**

### സ്റ്റാർട്ടപ്പുകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.പി.ടി. തോമസ് :** | | **ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| **(എ)** | സംസ്ഥാനത്ത് ഇൻഡസ്ട്രിയൽ പോളിസി ആന്റ് പ്രൊമോഷൻ വകുപ്പിന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്റ്റാർട്ടപ്പുകൾ നിലവിൽ എത്രയാണെന്ന് വ്യക്തമാക്കുമോ; | **(എ)** | ലഭ്യമായ വിവരം അനുസരിച്ച് ഇൻഡസ്ട്രിയൽ പോളിസി ആന്റ് പ്രൊമോഷൻ വകുപ്പിന് (DPIIT) കീഴിൽ **1560** സ്റ്റാർട്ടപ്പുകൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| **(ബി)** | പ്രസ്തുത സ്റ്റാർട്ടപ്പുകൾക്ക് സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | **(ബി)** | കെ.എസ്.ഐ.ഡി.സി. യുടെ നേതൃത്വത്തിൽ എല്ലാ മേഖലയിൽ നിന്നുമുള്ള നൂതനവും വ്യാപാര യോഗ്യമായതുമായ യുവ സംരംഭങ്ങൾക്ക് **25 ലക്ഷം** രൂപ വരെ മൂലധനസഹായം നൽകിവരുന്നു. സംരംഭം തുടങ്ങുന്നതിനാവശ്യമായ മൊത്തം തുകയുടെ **90 ശതമാനമോ** അല്ലെങ്കിൽ **25 ലക്ഷം** രൂപയോ ആണ് പ്രാഥമിക മൂലധന സഹായമായി നൽകി വരുന്നത്. പ്രസ്തുത പദ്ധതിയിൽ ഇതു വരെ **93** യുവസംരംഭങ്ങൾക്ക് മൂലധനസഹായം അനുവദിക്കുകയുണ്ടായി. ഇതു കൂടാതെ സംരംഭകർക്ക് അവരുടെ ആശയങ്ങളുടെ പൂർത്തീകരണത്തിനായി കെ.എസ്.ഐ.ഡി.സി. യുടെ വിവിധ ഇൻകുബേഷൻ സെന്ററുകളിൽ എല്ലാവിധ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി **2** ഇൻകുബേഷൻ സെന്ററുകളാണ് പ്രവർത്തിക്കുന്നത്. **30** യുവസംരംഭങ്ങൾ കെ.എസ്.ഐ.ഡി.സി.യുടെ വിവിധ ഇൻകുബേഷൻ സെന്ററുകളിലായി ഇൻക്യുബേറ്റ് ചെയ്തിരിക്കുന്നു. പ്രസ്തുത സ്റ്റാർട്ട് അപ്പ് സംരംഭങ്ങൾക്കെല്ലാം അവരുടെ |

| | | | |
|---|---|---|---|
| | | | ആവശ്യാനുസരണം കൃത്യമായ ഇടവേളകളിൽ മാർഗ്ഗ നിർദ്ദേശ സെമിനാറുകളും ചർച്ചാ യോഗങ്ങളും നടത്തി വരുന്നു. ഈ സംരംഭങ്ങൾ ആയിരത്തിൽപരം തൊഴിലവസരങ്ങൾ സംസ്ഥാനത്ത് സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.<br><br>കൂടാതെ, സംസ്ഥാന സർക്കാർ കേരള സ്റ്റാർട്ടപ്പ് മിഷൻ വഴി സ്റ്റാർട്ടപ്പുകൾക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| **(സി)** | സംസ്ഥാനത്തെ സ്റ്റാർട്ടപ്പുകൾക്ക് പ്രത്യേക തിരിച്ചറിയൽ നമ്പർ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ ? | **(സി)** | സംസ്ഥാനത്തെ സ്റ്റാർട്ടപ്പുകൾക്ക് പ്രത്യേക തിരിച്ചറിയൽ നമ്പർ അനുവദിച്ചുവരുന്നു. അപേക്ഷ ലഭിച്ച 442 സ്റ്റാർട്ടപ്പുകൾക്ക് ഇതിനകം തിരിച്ചറിയൽ നമ്പർ നൽകിയിട്ടുണ്ട്. തിരിച്ചറിയൽ നമ്പർ നൽകുന്നതിനും DPIIT രജിസ്ട്രേഷൻ യോഗ്യതയായി കണക്കിലെടുത്തുവരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## കേരള സ്റ്റാർട്ടപ്പ് മിഷൻ സ്റ്റാർട്ടപ്പുകൾക്ക് നേരിട്ട് നൽകി വരുന്ന ആനുകൂല്യങ്ങൾ:

നിലവിൽ താഴെപ്പറയുന്ന എല്ലാ ആനുകൂല്യങ്ങളും DPIIT രജിസ്ട്രേഷൻ ഉള്ള സ്റ്റാർട്ടപ്പുകൾക്കാണ് നൽകിവരുന്നത്.

1. കേരള സ്റ്റാർട്ടപ്പ് മിഷന്റെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്,കാസർഗോഡ് എന്നിവിടങ്ങളിലുള്ള ഇങ്കുബേറ്ററുകളിൽ പ്രവർത്തിക്കുന്നതിനുള്ള അവസരവും അതിലൂടെ മികച്ച മെന്ററിംഗ് സൗകര്യവും.
2. തിരുവനന്തപുരം, കൊച്ചി എന്നിവിടങ്ങളിൽ MIT യുമായി ബന്ധപ്പെട്ട് സ്ഥാപിച്ചിട്ടുള്ള ഫാബ് ലാബുകളിൽ പ്രവർത്തിക്കുന്നതിനുള്ള അവസരം. കേരള സ്റ്റാർട്ടപ്പ് മിഷൻ നടത്തിവരുന്ന വിവിധ വർക് ഷോപ്പുകൾ, പരിജ്ഞാന പരിശീലന പരിപാടികളിൽ പങ്കെടുക്കുന്നതിനുള്ള അവസരം.
3. കേരള സ്റ്റാർട്ടപ്പ് മിഷനുമായി സഹകരിച്ച് പ്രവർത്തിക്കുന്ന വിവിധ ആക്സിലറേറ്ററുകളിൽ പ്രവർത്തിക്കുന്നതിനുള്ള അവസരം
4. ആശയങ്ങൾ ആദ്യമാതൃകയായി വികസിപ്പിക്കുന്നതിന് 2 ലക്ഷം രൂപ വരെ ഐഡിയ ഗ്രാന്റ്
5. ആദ്യമാതൃക ഉൽപ്പന്നമാക്കി മാറ്റുന്നതിന് ഐഡിയ ഗ്രാൻറ് ഉൾപ്പെടെ 7 ലക്ഷം രൂപ വരെ പ്രോഡക്ടൈസേഷൻ ഗ്രാന്റ്
6. ഉൽപ്പന്നം വിപണിയിലെത്തിക്കുന്നതിന് മേൽപ്പറഞ്ഞ ഗ്രാന്റുകൾ ഉൾപ്പെടെ 12 ലക്ഷം രൂപ വരെ സ്കെയിലപ് ഗ്രാന്റ്
7. ചുരുങ്ങിയ പലിശ നിരക്കിൽ സീഡ് ഫണ്ട് സഹായം.
8. അന്തർ ദേശീയ തലത്തിൽ പരിജ്ഞാനവും വിപണന ബന്ധങ്ങളും ലഭ്യമാക്കുന്നതിനായി അന്തർ ദേശീയ വിനിമയ പദ്ധതിയിൽ ഭാഗമാകാനുള്ള അവസരം
9. ദേശീയ തലത്തിലും അന്തർ ദേശീയ തലത്തിലും വിപണന ബന്ധങ്ങൾ സ്ഥാപിക്കുന്നതിനും വിപുലീകരിക്കുന്നതിനുമായി വിവിധ പരിപാടികളിൽ പങ്കെടുക്കുന്നതിനുള്ള സഹായം.

സെക്ഷൻ ഓഫീസർ